**പ്രമേയം**

<u>സഭ അനിശ്ചിതകാലത്തേയ്ക്ക് പിരിയുന്നത് സംബന്ധിച്ച്</u>

മുഖ്യമന്ത്രി (<u>ശ്രീ. ഉമ്മൻ ചാണ്ടി</u>): സഭ മുമ്പാകെ മറ്റ് അത്യാവശ്യ ബിസിനസ്സുകളൊന്നുമില്ലാത്തതിനാൽ സഭ അനിശ്ചിതകാലത്തേയ്ക്ക് പിരിയാവുന്നതാണ്.

**അവലോകനം**

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: 13-ാം കേരള നിയമസഭയുടെ 12-ാം സമ്മേളനമാണ് ഇന്നിവിടെ അവസാനിക്കുന്നത്. ഡിസംബർ 1 മുതൽ 18 വരെ 14 ദിവസമാണ് സഭ സമ്മേളിച്ചത്.

ഈ സമ്മേളന കാലത്ത് 8932 ചോദ്യങ്ങൾക്കുള്ള നോട്ടീസുകൾ സ്വീകരിച്ചു. ഇവയിലെ 420 ചോദ്യങ്ങൾ നക്ഷത്രചിഹ്നമിട്ട ലിസ്റ്റിലും 4923 ചോദ്യങ്ങൾ നക്ഷത്ര രഹിത ലിസ്റ്റിലും ഉൾപ്പെടുത്തി. മൂന്ന് അടിയന്തര ചോദ്യവും അനുവദിച്ചു. സഭാതലത്തിൽ 34 ചോദ്യങ്ങൾക്കും ഒരു അടിയന്തര ചോദ്യത്തിനും വാക്കാൽ മറുപടി നൽകി. 304 ഉപചോദ്യങ്ങളും സഭയിൽ ഉന്നയിച്ചു.

ഈ സമ്മേളനത്തിൽ നിയമസഭാ സെക്രട്ടേറിയറ്റിലെ ചോദ്യോത്തര പ്രവർത്തനങ്ങളെല്ലാം NIC യുടെ സഹായത്തോടെ വികസിപ്പിച്ചെടുത്ത 'LAIS'

സോഫ്റ്റ്‌വെയറിന്റെ സഹായത്താലാണ് നിർവ്വഹിച്ചത്. ഇത് വളരെയേറെ പ്രയോജനകരവും തൃപ്തികരവുമായി അനുഭവപ്പെടുകയുണ്ടായി. ചോദ്യങ്ങളും ഉത്തരങ്ങളും യഥാസമയം വെബ്‌സൈറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്തു.

11 അടിയന്തര പ്രമേയ നോട്ടീസുകൾക്ക് അവതരണാനുമതി തേടുകയുണ്ടായി. ഒരു അടിയന്തര പ്രമേയം സബ്മിഷനായി അനുവദിച്ചു.

21 ശ്രദ്ധക്ഷണിക്കൽ പ്രമേയങ്ങളും 185 സബ്മിഷനുകളും അവതരിപ്പിച്ചു. ബന്ധപ്പെട്ട മന്ത്രിമാർ ഇവയ്ക്ക് മറുപടി നൽകുകയും ചെയ്തു.

ചട്ടം 300 അനുസരിച്ചുള്ള ഒരു സ്റ്റേറ്റ്മെന്റും 63 റിപ്പോർട്ടുകളും സഭയിൽ സമർപ്പിച്ചു.

പ്രധാനമായും നിയമനിർമ്മാണ കാര്യങ്ങളാണ് ഈ സമ്മേളനം പരിഗണിച്ചത്. ആകെ 16 ബില്ലുകൾ സഭ പരിഗണിച്ചു പാസ്സാക്കി. 16 ഓർഡിനൻസുകൾക്ക് പകരമുള്ള 10 ബില്ലുകളും, ഓർഡിനൻസല്ലാത്ത ഒരു ബില്ലും 5 ധനവിനിയോഗ ബില്ലുകളും ഇതിൽപ്പെടുന്നു. അധിക ധനാഭ്യർത്ഥനകളും ഉപ ധനാഭ്യർത്ഥനകളും സഭ പാസ്സാക്കി. കേരള മത്സ്യവിത്ത് ബിൽ, കേരള മാരിടൈം ബോർഡ് ബിൽ തുടങ്ങിയവ പ്രത്യേക ശ്രദ്ധ നേടിയ ബില്ലുകളാണ്. നിയമനിർമ്മാണ കാര്യങ്ങളിൽ ആരോഗ്യകരമായ ചർച്ചകളും എല്ലാ ഭാഗങ്ങളിൽ

നിന്നുമുള്ള ഇടപെടലുകളും ഉണ്ടാകണമെന്നാണ് നമ്മുടെ ആഗ്രഹം. ഈ സമ്മേളനത്തിൽ ചില ദിവസങ്ങൾ കലുഷിതമായെങ്കിലും ബില്ലിന്റെ ചർച്ചകളിൽ അംഗങ്ങൾ സജീവമായി പങ്കെടുത്തിരുന്നു എന്നത് ആശ്വാസകരമാണ്.

ബഹുമാനപ്പെട്ട മുഖ്യമന്ത്രി, ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ്, ബഹുമാനപ്പെട്ട മന്ത്രിമാർ, ബഹുമാനപ്പെട്ട കക്ഷി നേതാക്കൾ, ബഹുമാനപ്പെട്ട സമാജികർ, ഉദ്യോഗസ്ഥർ, മാധ്യമ പ്രവർത്തകർ തുടങ്ങി സമ്മേളനം ഭംഗിയായി നടത്താൻ സഹായിച്ച എല്ലാവർക്കും ചെയർ നന്ദി പ്രകാശിപ്പിക്കുന്നു. ഈ സമ്മേളന കാലത്ത് വളരെയേറെ പ്രയാസം സഹിച്ച് രാത്രിയും പകലും ജോലിചെയ്ത നിയമസഭാ സെക്രട്ടേറിയറ്റിലെ എല്ലാ ഉദ്യോഗസ്ഥരെയും ജീവനക്കാരെയും ഞാൻ ഹാർദ്ദവമായി അഭിനന്ദിക്കുകയാണ്. എല്ലാവർക്കും സന്തോഷകരമായ ക്രിസ്തുമസ് പുതുവത്സരാശംസകൾ ചെയർ നേരുന്നു.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, അങ്ങ് എല്ലാവരോടും നന്ദി പറഞ്ഞുകഴിഞ്ഞു. അങ്ങയോട് പ്രത്യേകമായ നന്ദി പറയാൻ ഈ അവസരം വിനിയോഗിക്കുകയാണ്. നിയമനിർമ്മാണത്തിനുവേണ്ടിയാണ് ഈ സഭ കൂടിയത്. സർക്കാർ ലക്ഷ്യമിട്ട മുഴുവൻ ഓർഡിനൻസുകളും നിയമമാക്കാൻ നല്ല നിലയിൽ പ്രവർത്തിച്ച ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കർക്ക് പ്രത്യേക അഭിനന്ദനവും നന്ദിയും രേഖപ്പെടുത്തുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: സഭ അനിശ്ചിതകാലത്തേയ്ക്ക് പിരിയുന്നു.

(സഭ ദേശീയഗാനാലാപനത്തോടെ ഉച്ചയ്ക്കുശേഷം 2.22-ന് അനിശ്ചിതകാലത്തേയ്ക്ക് പിരിഞ്ഞു.)